മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 23

# വാർത്താക്കുറിപ്പ്

---

## ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ; താത്കാലിക നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിൻറെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്രോജക്ടിൽ ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ തസ്തികയിലെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരളത്തിലെ ഉൾനാടൻ മത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ആറ് മാസത്തേക്കാണ് നിയമനം.

സോഷ്യൽ സയൻസിൽ കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. സോഷ്യൽ സയൻസിൽ ഗവേഷണ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.

താൽപര്യമുള്ളവർ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിൻറെയും പകർപ്പും സഹിതം inlandfishingwomen@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് സെപ്റ്റംബർ 28 വൈകുന്നേരം നാലിനു മുൻപ് അപേക്ഷ അയയ്ക്കണം.
ഫോൺ: 9745036528.

(പി.ആർ.ഒ./39/1361/2022)

## കൗൺസലിംഗ് ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്) ബേസിക് കൗൺസലിംഗ് ആൻ്റ് സൈക്കോതെറാപ്പി ഡിപ്ലോമ കോഴ്സ് ഒക്ടോബർ 10 ന് ആരംഭിക്കും.

ചേരുന്നതിന് iucdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യാം.ഫോൺ: 0481 - 2731580, 8547165178, 9746085144.

(പി.ആർ.ഒ./39/1362/2022)

## പരീക്ഷാ തീയതി

ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി. പ്രോഗ്രാമുകളുടെ യഥാക്രമം ആറ്, പത്ത് സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 10 നും അഞ്ച്, ഒൻപത് സെമസ്റ്റർ പരീക്ഷകൾ നവംബർ ഏഴിനും ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1363/2022)

## പരീക്ഷകൾക്ക് അപേക്ഷ നൽകാം

ഒക്ടോബർ 10 ന് ആരംഭിക്കുന്ന എം.ആർക്ക് (2020 അഡ്മിഷൻ - റഗുലർ/ 2019 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 28 വരെയും പിഴയോടു കൂടി സെപ്റ്റംബർ 29 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 30 നും അപേക്ഷ നല്കാം.

റഗുലർ വിദ്യാർഥികളും വീണ്ടും എഴുതുന്നവരും ഒരു പേപ്പറിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമേ അടയക്കണം. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1364/2022)

ഒക്ടോബർ 26 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2021 അഡ്മിഷൻ - റഗുലർ / 2018 - 2020 അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 10 വരെയും പിഴയോടു കൂടി ഒക്ടോബർ 11 നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 12 നും അപേക്ഷ നൽകാം. റഗുലർ വിദ്യാർഥികൾ 240 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 40 രൂപ നിരക്കിലും (പരമാവധി 240 രൂപ) സി.വി.ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിന് പുറമേ അടക്കയ്ണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1365/2022)

ഒക്ടോബർ 21 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2020 അഡ്മിഷൻ- റഗുലർ / 2017, 2019 അഡ്മിഷനുകൾ - സപ്ലിമെന്ററി/ 2016 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (2011, 2015 അഡ്മിഷനുകൾ - ഒന്നാം മെഴ്സി ചാൻസ് / 2009, 2010 അഡ്മിഷനുകൾ - രണ്ടാം

മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 10 വരെയും പിഴയോടു കൂടി ഒക്ടോബർ 11 നും സൂപ്പർ ഫൈനോടു കൂടി ഒക്ടോബർ 12 നും അപേക്ഷ നല്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1366/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**